**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1622** **08-02-2023 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതിയുടെ വിശദാംശം നൽകാമോ? | (എ) | കുണ്ടറ പഞ്ചായത്തിലെ കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി 2022-23 നടപ്പിലാക്കുന്നതിനായി നാളികേര സമിതിയുടെ രജിസ്ട്രേഷൻ നടത്തുകയും കൃഷി ഓഫീസർ, നാളികേര സമിതി സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഉൾപ്പെടെ ജോയിന്റ് അക്കൗണ്ട് തുടങ്ങുകയും ചെയ്തു. പദ്ധതി നടപ്പിലാക്കുന്നതിനായി കർഷകരിൽ നിന്ന് അപേക്ഷ സ്വീകരിച്ചു വരുന്നു. ഏകദേശം 96 ഹെക്ടർ വിസ്തീർണം ആയിട്ടുണ്ട്. ലഭിച്ച അപേക്ഷകളുടെ സർവ്വെ, ഡാറ്റാ എൻട്രി തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 25.67 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടങ്ങൾ ആരംഭിച്ചു. രോഗം ബാധിച്ച തെങ്ങ് മുറിച്ച് മാറ്റുന്നതിനുവേണ്ടി സ്ഥല പരിശോധന നടത്തി അടയാളപ്പെടുത്താൻ തുടങ്ങി.<br><br>പ്രസ്തുത പദ്ധതിയിൽ കേരസമിതിയുടെ അംഗീകാരം ലഭിച്ച ആക്ഷൻ പ്ലാൻ പ്രകാരം ഒന്നാം വർഷം നടപ്പിലാക്കുന്ന ഘടകങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| **ക്രമ നം** | **പദ്ധതി ഘടകം** | **പദ്ധതി വിഹിതം (ലക്ഷം)** |
|---|---|---|
| 1 | ജൈവകീടനാശിനി ഉപയോഗം (തെങ്ങ് ഒന്നിന് പരമാവധി ആനുകൂല്യം 25/- രൂപ) | 1.4 |
| 2 | തെങ്ങിന്റെ മണ്ട വൃത്തിയാക്കി ജൈവകീടനാശിനി ഉപയോഗം (കൂലി ചെലവ് ഉൾപ്പെടെ തെങ്ങ് ഒന്നിന് പരമാവധി സബ്സിഡി ആനുകൂല്യം 50/- രൂപ) | 2.8 |
| 3 | ഉല്പാദനക്ഷമത കുറഞ്ഞതും കാറ്റുവീഴ്ച രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചു മാറ്റൽ (തെങ്ങ് ഒന്നിന് രൂപ 1000/-) പരാവധി ആനുകൂല്യം 10 തെങ്ങിന് വരെ | 10.00 |
| 4 | തെങ്ങിൻ തൈ വിതരണം (മുറിച്ചു മാറ്റിയതിനു പകരം തൈ ഒന്നിന് 60/- രൂപ.) | 0.42 |
| 5 | ഇടവിള കൃഷി ഹെക്ടറിന് പരമാവധി 6000/- രൂപ | 1.86 |
| 6 | ജലസേചന പമ്പ് സെറ്റുകൾ സബ്സിഡി ഒരു യൂണിറ്റിന് 10000/- രൂപ | 2.5 |
| 7 | തെങ്ങുകയറ്റയന്ത്രം സബ്സിഡി ഒരു യൂണിറ്റിന് 2000/- രൂപ | 0.50 |
| 8 | ജൈവവള ഉല്പാദന യൂണിറ്റ് @ 10000/- രൂപ | 0.4 |
| 9 | കുമ്മായം/ഡോളമൈറ്റ് @ 9/- രൂപ/Kg (75% സബ്സിഡി) | 0.72 |
| 10 | ജൈവവളം @ 25/- രൂപ/Kg (50% സബ്സിഡി) | 2.0 |
| 11 | പ്രവർത്തന ചെലവ് | 0.07 |
| 12 | കേരസമിതിയ്ക്കുള്ള ഫണ്ട് | 1.00 |
| 13 | മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് ധനസഹായം | 2.00 |
| | **ആകെ** | **25.67** |